**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2649** **02-08-2021 - ൽ മറുപടിയ്ക്ക്**

**മൊടവണ്ണക്കടവ് നടപ്പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഏറനാട് മണ്ഡലത്തിൽ ചാലിയാർ പുഴയ്ക്ക് കുറുകെ മൊടവണ്ണക്കടവ് നടപ്പാലത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; | (എ) | ഇല്ല |
| (ബി) | 19.11.2015-ലെ ജി.ഒ.(ആർ.റ്റി) നമ്പർ 6032/15/ ആർ.ഡി. ഉത്തരവ് പ്രകാരം ഭരണാനുമതിയ്ക്കായി സമർപ്പിച്ചിട്ടും പ്രസ്തുത പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) | ജില്ലാ വിദഗ്ധ സമിതി അംഗീകരിക്കാതിരുന്നതിനാൽ തുക നൽകുന്നതിന് സാധിച്ചിരുന്നില്ല. റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08.08.2017 തീയതിൽ ചേർന്ന യോഗത്തിൽ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് പാലം പണി നടത്താനുള്ള ഭരണാനുമതി ലഭിച്ചിട്ടും ഇതുവരെയും പണി തുടങ്ങാത്ത 4 കേസുകളിൽ പണി ആരംഭിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുള്ളതാണ്. |
| (സി) | ഇതോടൊപ്പം അനുവദിച്ചതും റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതിന് ഭരണാനുമതി ആയതുമായ ഏതെല്ലാം പ്രവൃത്തികൾക്ക് നിർമ്മാണ അനുമതി നൽകിയെന്നും പ്രവൃത്തികൾ ഏതു ഘട്ടത്തിലാണെന്നും അറിയിക്കുമോ; | (സി) | ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് മറ്റ് പാലം നിർമ്മാണങ്ങൾക്ക് ഒന്നും തന്നെ ഭരണാനുമതി നൽകിയിട്ടില്ല. |
| (ഡി) | മൊടവണ്ണക്കടവ് നടപ്പാലം നിർമ്മാണത്തിന് അടിയന്തരമായി അനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | നിലവിൽ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ